**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3551** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച ദേശീയ കൺവെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2025 ഫെബ്രുവരി 20ന് യു.ജി.സി.യുടെ കരട് റെഗുലേഷൻ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച ദേശീയ കൺവെൻഷനിൽ വിവിധ സർവകലാശാലകളിൽ നിന്ന് പങ്കെടുക്കേണ്ട ഡെലിഗേറ്റുകളുടെ ചെലവുകൾ, ഡ്യൂട്ടിലീവ് എന്നിവ അനുവദിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിരുന്നോ; പ്രസ്തുത പരിപാടിയിൽ എത്ര പേരെ പങ്കെടുപ്പിക്കാനാണ് നിർദ്ദേശിച്ചിരുന്നത്; സെമിനാറിന്റെ ചെലവുകൾ വഹിച്ചത് സർക്കാർ ഫണ്ടിൽ നിന്നായിരുന്നോ; ആകെ എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ; | (എ) | **2025 ഫെബ്രുവരി 20ന് യു.ജി.സി.യുടെ കരട് റെഗുലേഷൻ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച ദേശീയ കൺവെൻഷനിൽ വിവിധ സർവകലാശാലകളിൽ നിന്ന് പങ്കെടുക്കുന്ന ഡെലിഗേറ്റുകൾക്ക് ഡ്യൂട്ടിലീവ് അനുവദിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. സെമിനാറിനുള്ള ചെലവ് അതത് സ്ഥാപനങ്ങൾ വഹിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. കൺവെൻഷനുമായി ബന്ധപ്പെട്ട ഹാൾ, സ്റ്റേജ് , ഭക്ഷണക്രമീകരണം എന്നിവയ്ക്കായി സർക്കാർ ഫണ്ടിൽ നിന്നും ആകെ 3,82,041/- രൂപ ചെലവായിട്ടുണ്ട്.** |
| (ബി) | സെമിനാർ സംഘടിപ്പിക്കുന്നതിനുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവിനെതിരെ ഗവർണർ അസംതൃപ്തി പ്രകടിപ്പിച്ചിരുന്നോ; വ്യക്തമാക്കാമോ; | (ബി) | **സെമിനാർ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകിയ കത്തിൽ ചില ഭേദഗതികൾ വരുത്തുവാൻ ഗവർണ്ണറുടെ ഓഫീസിൽ നിന്നും അറിയിച്ചതിനെ തുടർന്ന് ഭേദഗതി വരുത്തിയ കത്ത് നൽകിയിരുന്നു. പ്രസ്തുത കൺവെൻഷൻ സംബന്ധിച്ച് സർക്കാർ സർക്കുലറുകളൊന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല.** |
| (സി) | യു.ജി.സി. കരട് റെഗുലേഷനെതിരെ സംസ്ഥാനം സംഘടിപ്പിച്ച ദേശീയ ഉന്നത വിദ്യാഭ്യാസ കൺവെൻഷൻ സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത വിഷയത്തിൽ ആദ്യം പുറപ്പെടുവിച്ച സർക്കുലർ തിരുത്തി പുതിയത് പുറത്തിറക്കേണ്ടി വന്ന സാഹചര്യം വ്യക്തമാക്കാമോ? | (സി) | **സെമിനാർ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകിയ കത്തിൽ ചില ഭേദഗതികൾ വരുത്തുവാൻ ഗവർണ്ണറുടെ ഓഫീസിൽ നിന്നും അറിയിച്ചതിനെ തുടർന്ന് ഭേദഗതി വരുത്തിയ കത്ത് നൽകിയിരുന്നു. പ്രസ്തുത കൺവെൻഷൻ സംബന്ധിച്ച് സർക്കാർ സർക്കുലറുകളൊന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ